“ഭരണഭാഷ മാതൃഭാഷ”

ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം
04712323198, email-jdacad@gmail.com

**നം.എസിഡി എസ്.പി.സി(1)/224187/2021/എച്ച്.എസ്.ഇ.** **തീയതി.** 26/02/2022

## സർക്കുലർ

**വിഷയം-** ഹ.സെ.വി - ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതു -സംബന്ധിച്ച്.

സൂചന - 22.01.2022, 02.02.2022 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

2022-23 അധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾക്കുള്ള ഓൺലൈൻ ഇന്റന്റിങ് അവസാനിച്ചിട്ടും ഇനിയും ഇന്റന്റ് നൽകുന്നതിനായി സ്കൂളുകളിൽ നിന്നും ആവശ്യമുയർന്ന സാഹചര്യത്തിൽ ഓൺലൈൻ ഇന്റന്റിനായി ഒരു അവസരം കൂടി നൽകുകയാണ്.

എസ്.സി.ഇ.ആർ.ടി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ ഹയർസെക്കന്ററി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റി സെൻട്രൽ കോ-ഓപ്പറേറ്റീവ് സ്റ്റോർസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. മലയാളം പാഠപുസ്തകങ്ങളും ഓൺലൈൻആയി തന്നെ ഇന്റന്റ് ചെയ്യേണ്ടതാണ്. എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ മലയാളം പാഠപുസ്തകങ്ങൾ മാത്രമേ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നുള്ളൂ എന്ന് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്. സ്വകാര്യ ഏജൻസികളുടെ പുസ്തകങ്ങൾ സ്കൂളുകൾ വഴി വിതരണം ചെയ്യുന്നതായി പരാതി ഉയർന്നാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

ചുവടെ പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിച്ച് ഇനിയും ഇന്റന്റ് നൽകാനുള്ളവർ **05.03.2022 -നകം** ഇന്റന്റ് നൽകേണ്ടതാണ്. അടുത്ത അധ്യയനവർഷത്തേക്കുള്ള പാഠപുസ്തക ഇന്റന്റിങ്ങിന് ഇനിയൊരവസരം ഉണ്ടാകുന്നതല്ല.

- നേരത്തെ തന്നെ ആവശ്യമുള്ള മുഴുവൻ പുസ്തകങ്ങൾക്കും ഓൺലൈൻ ഇന്റന്റ് നൽകിയിട്ടുള്ളവർ വീണ്ടും ഇന്റന്റ് നൽകുവാൻ പാടില്ല. ഏതെങ്കിലും വിഷയങ്ങളിൽ പുസ്തകങ്ങൾ കൂടുതൽ ആവശ്യമുണ്ടെങ്കിൽ, അവയുടെ കണക്ക് മാത്രം നൽകുക.മുമ്പ് നൽകിയതും പുതുതായി നൽകുന്നതുമായ ഇന്റന്റുകൾ ചേർത്ത കണക്കു പ്രകാരം പുസ്തകങ്ങൾ ലഭ്യമാക്കുന്നതാണ്.
- ഈ വർഷം ഇന്റന്റ് ചെയ്തവർക്ക് വീണ്ടും ഇന്റന്റ് ചെയ്യേണ്ടതുണ്ടെങ്കിൽ ആദ്യം create ചെയ്ത ലോഗിനും പാസ് വേഡും തന്നെ ഉപയോഗിക്കേണ്ടതാണ്. പുതിയതായി ഇന്റന്റ് ചെയ്യുന്നവർ റെജിസ്റ്റർ

ചെയ്തെങ്കിൽ മാത്രമേ ലോഗിൻ ഐഡിയും പാസ് വേഡും ലഭ്യമാവുകയുള്ളൂ.

- ഇന്റന്റ്മായി ബന്ധപ്പെട്ട വിശദാംശങ്ങൾക്ക് 22.01.2022 തിയതിയിലെ ഇതേ നമ്പർ സർക്കുലർ പരിശോധിക്കേണ്ടതാണ്.

സംസ്ഥാനത്തെ ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ അച്ചടിച്ച് സ്കൂളുകളിൽ എത്തിക്കുന്നതിനു വേണ്ടുന്ന ക്രമീകരണങ്ങൾ വകുപ്പുതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ളതാണ്. സ്കൂളിലേയ്ക്ക് ആവശ്യമുള്ള പുസ്തകങ്ങളുടെ ഇന്റന്റ് നേരത്തേതന്നെ സ്കൂളുകളിൽ നിന്നും ഓൺലൈനായി ശേഖരിച്ച്, ആയതിന്റെ അടിസ്ഥാനത്തിൽ പുസ്തകങ്ങൾ പ്രിന്റുചെയ്ത് സ്കൂളുകളിൽ നൽകുകയാണ് ചെയ്തു വരുന്നത്. സ്കൂളുകളിൽ നിന്നും യഥാസമയം ഇന്റന്റ് നൽകാത്തതുകാരണം വിദ്യാർത്ഥികൾക്ക് ആവശ്യത്തിനു പാഠപുസ്തകങ്ങൾ ലഭ്യമല്ല എന്ന പരാതികൾ ഓഫീസിൽ ലഭ്യമാകുന്നുണ്ട്. ആയതിനാൽ ഇനിയും ഇന്റന്റ് നൽകിയിട്ടില്ലാത്ത സ്കൂൾ പ്രിൻസിപ്പൽമാർ **05.03.2022 തിയ്യതിയ്ക്കകം**, ഇന്റന്റ് നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്.

പാഠപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതും ചാർജ്ജ് മാറുന്ന വേളയിൽ ആയത് ചട്ടപ്രകാരം കൈമാറ്റം ചെയ്യേണ്ടതുമാണ്. വിദ്യാർത്ഥികൾക്ക് നൽകിക്കഴിഞ്ഞ് സമാഹരിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാതെ കൈവശം സൂക്ഷിക്കുകയും പ്രിൻസിപ്പൽ ചാർജ്ജ് മാറുന്നവേളയിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ കൈമാറാതിരിക്കുകയും ചെയ്യുന്നത് ഓഡിറ്റ് വേളയിൽ കണ്ടെത്തുന്നുണ്ട്. അത്തരക്കാർക്കെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി**